# മയ്യിത്ത്കൊണ്ടുപോകുമ്പോൾ ദിക്റ് ചൊല്ലൽ

ശാഫി സ്വലാഹി ചങ്ങലീരി

മയ്യിത്ത് വഹിച്ചുകൊണ്ടുപോകുമ്പോൾ 'ലാഇലാഹ ഇല്ലല്ലാഹ്' എന്ന ദിക്റ് ചൊല്ലൽ നമ്മുടെ നാടുകളിലെല്ലാം പതിവുള്ളതാണല്ലോ. എന്നാൽ ആ സമയത്ത് മരണത്തെ കുറിച്ചും പരലോകത്തെ കുറിച്ചും ഓർത്ത് മൗനം പാലിക്കുകയാണ് വേണ്ടതെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. ഇക്കാര്യം ഇമാം നവവി(റ) തന്നെ പറയുന്നത് കാണുക:

(അൽഅദ്കാർ പേ: 136)



( باب ما يقوله الماشي مع الجنازة )

يستحبُّ له أن يكون مشتغلاً بذكر الله تعالى ، والفكر فيما يلقاه الميت ، وما يكون مصيرُه، وحاصل ما كان فيه، وأن هذا آخر الدنيا ومصيرُ أهلها ، وليحذرْ كل الحذر من الحديث بما لا فائدة فيه ، فإن هذا وقت فكر وذكر يَقبُح فيه الغفلة واللهو والاشتغال بالحديث الفارغ ، فإن الكلام بما لا فائدة فيه منهيٌّ عنه في جميع الأحوال ، فكيف هذا الحال .

واعلم أن الصواب المختار ما كان عليه السلف رضي الله عنهم: السكوتُ في حال السير مع الجنازة، فلا يرفَع صوتاً بقراءة ، ولا ذِكر ، ولا غير ذلك، والحكمة فيه ظاهرة ، وهي أنه أسكنُ لخاطره، وأجمعُ لفكره فيما يتعلق بالجنازة ، وهو المطلوب في هذا الحال ، فهذا هو الحقُّ ، ولا تغترَّنَّ بكثرة من يخالفه ، فقد قال أبو علي الفضيل بن عياض رضي الله عنه ما معناه: الزم طرق الهدى ، ولا يضرك قلة السالكين ، وإياك وطرق الضلالة ، ولا تغترَّ بكثرة الهالكين .

وقد روينا في « سنن البيهقي » ما يقتضي ما قلته(١). وأما ما يفعله الجهلة من القراءة على الجنازة بدمشق وغيرها من القراءة بالتمطيط ، وإخراج الكلام عن موضوعه ، فحرام بإجماع العلماء ، وقد أوضحتُ قبحه ، وغلظ تحريمه ، وفسق من تمكنَّ من إنكاره ، فلم ينكره في كتاب « آداب القراء » والله المستعان ، وبه التوفيق .

*അർത്ഥം:* "നീ അറിയണം! മതപരമായി ശരിയായതും മുസ്‌ലിംകൾ തെരഞ്ഞെടുക്കേണ്ടതും സച്ചരിതരായ മുൻഗാമികളുടെ രീതിയാണ്. ജനാസയുടെ കൂടെ നടക്കുമ്പോൾ മൗനം പാലിക്കുക എന്ന അവസ്ഥയാണത്. ആയതിനാൽ ഖുർആൻപാരായണം ചെയ്തോ ദിക്റ് ചൊല്ലിയോ മറ്റോ ശബ്ദം ഉയർത്തപ്പെടരുത്. അതിലുള്ള യുക്തിയും വ്യക്തമാണ്. ഈ സന്ദർഭത്തിൽ മനുഷ്യൻ തന്റെ വിചാരങ്ങളെ അടക്കിനിർത്തി മയ്യിത്തി

പ്പെട്ട കാര്യത്തിൽ തന്റെ ചിന്തയെ ഏകീകരിക്കുക എന്നതാണ് അവനോടുള്ള കൽപന. ഈ പറഞ്ഞത് മാത്രമാണ് സത്യം. ഇതിനു വിരുദ്ധമായി ധാരാളം പേർ ചെയ്യുന്നതുകണ്ട് നീ അവരുടെ ചതിയിൽ പെട്ടുപോകരുത്....

....ഡമാസ്ക്കസിലും മറ്റും പലജാഹിലുകളും ചെയ്തുകൊണ്ടിരിക്കുന്ന സമ്പ്രദായം ജനാസയുടെമേൽ (ദുഃഖമോ കരുണയോ പ്രകടിപ്പിച്ച്) ഖുർആൻ പാരായണം ചെയ്യലും ഖുർആൻ വാക്യങ്ങളെ യഥാസ്ഥലത്തുനിന്നും പുറപ്പെടുവിക്കാതെയുമുള്ള നീട്ടി ഓതലും, മുസ്‌ലിം പണ്ഡിതൻമാർ ഏകോപിച്ചുകൊണ്ട് ഹറാമാക്കിയതാണ്. അത് തിൻമയാണെന്നും ഹറാമാണെന്നും അത് തടയാൻ സാധിച്ചിട്ടും തടയാത്തവർ ഫാസിഖ്(തെമ്മാടി) ആണെന്നും ഖുർആൻ പാരായണം ചെയ്യുന്നവരുടെ മര്യാദകൾ വിവരിക്കുന്ന കിതാബിൽ ഞാൻ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്." *(അൽഅദ്കാർ പേ: 136)*

ഇമാം നവവി(റ) തന്നെ ശറഹുൽ മുഹദ്ദബിൽ എഴുതുന്നു:

**(ശറഹുൽ മുഹദ്ദബ്: 5 – 321)**



(فرع) فى مسائل تتعلق بكتاب الجنائز (إحداها) قال الشافعي فى الام وأصحابنا يستحب
مسح رأس اليتيم ودهنه واكرامه ولايقهر ولاينهر (الثانية) المستحب خفض الصوت فى السير
بالجنازة ومعها فلايشتغلوا بشيء غير الفكر فيما هى لاقية وصائرة اليه وفى حاصل الحياة وإن هذا
آخرها ولابد منه وقد أفرد ابن المنذر فى الاشراف والبيهقي فى السنن الكبير بابا فى هذه المسألة
قال ابن المنذر روينا عن قيس بن عباد – بضم العين وتخفيف الباء – قال « كان أصحاب رسول الله
صلي الله عليه وسلم يكرهون رفع الصوت عند ثلاث عند القتال وعند الجنائز وعند الذكر » قال وذكر
الحسن البصري عن أصحاب رسول الله صلي الله عليه وسلم أنهم يستحبون خفض الصوت عند الجنائز
وعند قراءة القران وعند القتال قال ذكره الحسن وسعيد ابن جبير والنخعي واسحق قول القائل خلف
الجنازة استغفر الله وقال عطاء هى محدثة وقال الاوزاعي قال ابن المنذر ونحن نكره من ذلك
ما كرهوا (الثالثة) عن عبيد ابن خالد الصحابي رضي الله عنه عن النبي صلى الله عليه وسلم قال « موت

*അർത്ഥം:* "....മയ്യിത്തിന്റെ കൂടെയുള്ളപ്പോഴും മയ്യിത്ത് വഹിച്ച്കൊണ്ടുപോകുമ്പോഴും ശബ്ദം താഴ്ത്തലാണ് സുന്നത്ത്. മയ്യിത്ത് അഭിമുഖീകരിക്കുകയും അവൻ ആവുകയും മടങ്ങുകയും ചെയ്യുന്ന അവസ്ഥയെകുറിച്ചുള്ള ചിന്തയല്ലാതെ മറ്റൊന്നുകൊണ്ടും അവൻ വ്യാപൃതനാവരുത്..... ഉബാദിൽ നിന്നുള്ള റിപ്പോർട്ടായി ഇബ്നുൽ മുൻദിർ പറഞ്ഞു:- നബി(സ)യുടെ സ്വഹാബികൾ മൂന്ന് രംഗങ്ങളിൽ ശബ്ദം ഉയർത്തൽ വെറുത്തിരുന്നു. ദിക്റുകൾ ചൊല്ലുമ്പോഴും യുദ്ധരംഗത്തും മയ്യിത്തിന്റെ അടുത്തുവെച്ചുമായിരുന്നു അത്..." *(ശറഹുൽ മുഹദ്ദബ് 5– 321)*

ചിന്തിക്കുക! ഇന്ന് നമ്മുടെ നാടുകളിൽ കാണുന്ന, മയ്യിത്ത് കൊണ്ടുപോകുമ്പോൾ ദിക്റ് ചൊല്ലുന്ന സമ്പ്രദായത്തെ ശക്തിയായ എതിർക്കുകയാണ് ഇമാം നവവി(റ) ഇവിടെ ചെയ്യുന്നത്. സച്ചരിതരായ മുൻഗാമികളുടെ (സലഫുകൾ) രീതി മയ്യിത്ത് കൊണ്ടുപോകുമ്പോൾ മൗനം പാലിക്കലാണെന്നും അതിനാൽ അത് പിൻപറ്റണമെന്നും ഇതിന് എതിരുപ്രവർത്തിക്കുന്നവർ (മയ്യിത്ത് കൊണ്ടു പോകുമ്പോൾ ദിക്റ് ചൊല്ലുന്നവർ) ഭൂരിപക്ഷമുണ്ടെന്ന് കരുതി അവരുടെ തിൻമയെ പിൻപറ്റാതെ സത്യത്തിന്റെ കൂടെ ഒറ്റപ്പെട്ടുനിൽക്കണമെന്നും അദ്ദേഹം പ്രത്യേകം ആഹ്വാനം ചെയ്യുന്നു. മാത്രമല്ല, മരിച്ചവീട്ടിലും മറ്റും മയ്യിത്തിനുവേണ്ടി ഖുർആൻ പാരായണം ചെയ്യുന്നസമ്പ്രദായവും തെറ്റാണെന്നും ഹറാമാണെന്നും ഇമാം നവവി(റ) പ്രഖ്യാപിക്കുന്നു. മാത്രമല്ല, ഈ വിഷയത്തിൽ മുസ്‌ലിം പണ്ഡിതൻമാരുടെ ഏകോപനമുണ്ടെന്നും അത് തടയാത്തവർ ഫാസിഖാണെന്നും അദ്ദേഹം പറയുന്നു.